## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1145** | **06.06.2018-ൽ മറുപടിക്ക്**

### മിനിമം കൂലി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സുരേഷ് കുറുപ്പ് : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) | ഈ സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി നയം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600/- രൂപയായി നിജപ്പെടുത്തി നിശ്ചയിക്കുമെന്ന് സർക്കാർ തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ മിനിമം കൂലി പുതുക്കുന്ന അവസരത്തിൽ സർക്കാരിന്റെ പ്രഖ്യാപിത നയം കൂടി പരിഗണിച്ച് ചർച്ചകൾ നടത്തുകയും, നൽകാവുന്ന മേഖലകളിൽ കൂലി 600/- രൂപയാക്കി നിജപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് നോക്കുകൂലി വാങ്ങിയ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനമൊട്ടാകെ നോക്കുകൂലി വാങ്ങിയ 10 പരാതികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഈ കേസ്സുകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | ഇരുവിഭാഗം കക്ഷികളുടെയും ചർച്ച ക്രമീകരിച്ചും അനധികൃതമായി കൈപ്പറ്റിയ തുക തിരികെ വാങ്ങി നൽകി ന്യായമായ കൂലിയിൽ കയറ്റിറക്ക് തൊഴിലാളികൾ തന്നെ കയറ്റിറക്ക് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചും ഉയർന്നുവന്ന വിഷയങ്ങൾ പരിഹരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.